പടനിലം പാലം

75 (3634) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പടനിലം-നരിക്കുനി റോഡിൽ പോലൂർ പുഴയുടെ കുറുകെയുള്ള പടനിലം പാലത്തിന്റെ അടിത്തറ പൊട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിന് വേണ്ടി എന്ത് അടിയന്തര നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ ;

(സി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) വിശദമായ പരിശോധനകൾക്ക് ശേഷം അടിയന്തരമായി ചെയ്യേണ്ട അറ്റകുറ്റപ്പണികൾ ഉടൻ നടത്തുന്നതാണ്.

കുന്ദമംഗലം ടൗണിൽ അഴുക്കുചാലിന്റെ അഭാവം

76 (3635) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം ടൗണിൽ അഴുക്കുചാൽ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവിടെ അഴുക്കുചാൽ നിർമ്മിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നേക്ക് പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 60 മീറ്റർ നീളത്തിൽ അഴുക്കുചാൽ നിർമ്മാണം നടന്നു വരുന്നുണ്ട്. ഫണ്ട് ലഭ്യമാക്കുന്നതനുസരിച്ച് ബാക്കിഭാഗം നിർമ്മാണം ആരംഭിക്കുന്നതാണ്.

പെരുമ്പഴിക്കടവ് പാലത്തിന്റെ നിർമ്മാണം

77 (3636) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുന്ദമംഗലം മണ്ഡലത്തിലെ പെരുമ്പഴിക്കടവ് പാലം ഏത് ഏജൻസിയുടെ സഹായത്തോടെയാണ് നിർമ്മിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പാലം നിർമ്മിക്കാൻ എന്തു തുകയുടെ സഹായമാണ് പ്രസ്തുത ഏജൻസിയിൽ നിന്നും ലഭ്യമായത് എന്ന് വെളിപ്പെടുത്തുമോ ;

(സി) പാലത്തിന്റെ പണി ഏതു ഘട്ടത്തിലെത്തിയെന്ന് വ്യക്തമാക്കുമോ ;

(ഡി) എന്നേക്ക് പണി പൂർത്തിയാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നബാർഡ് സഹായത്തോടെയാണ് ഈ പാലം നിർമ്മിച്ചുവരുന്നത്.

(ബി) 153 ലക്ഷം രൂപ.

(സി) പാലത്തിന്റെ ഫൗണ്ടേഷൻ പണികൾ നടത്തിവരുന്നു.

(ഡി) 2003/04-ൽ പണി പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.

മുണ്ടോർട്ട് പാലം, ഏഴിമല നാവിക അക്കാദമി-ബാംഗ്ലൂർ അന്തർ സംസ്ഥാന റോഡ് എന്നിവയുടെ നിർമ്മാണം

78 (3637) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ തൃക്കരിപ്പൂർ-പയ്യന്നൂർ നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെടുന്ന വെള്ളൂർ-പാടിയോട്ടുപാൽ-പുളിങ്ങോം റോഡിൽ കാര്യങ്കോട്ടുപുഴയിൽ മുണ്ടോർട്ട് പാലം നിർമ്മാണം, ഏഴിമല നാവിക അക്കാദമി-ബാംഗ്ലൂർ അന്തർ സംസ്ഥാന റോഡ് നിർമ്മാണം എന്നിവയ്ക്ക് അനുമതി നൽകുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

ഇൻവെസ്റ്റിഗേഷൻ ജോലികൾ നടന്നുവരുന്നു. ഇൻവെസ്റ്റിഗേഷൻ പൂർത്തിയായശേഷം ഈ പണികൾ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പൊതുവിദ്യാഭ്യാസത്തെക്കുറിച്ച് പഠനം നടത്തുന്നതിന് നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട്

79 (3638) ശ്രീമതി മേഴ്സി രവി :
ശ്രീ. കെ. സി. വേണുഗോപാൽ :
പ്രൊഫ: സാവിത്രി ലക്ഷ്മണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുവിദ്യാഭ്യാസ രംഗത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച കമ്മീഷന്റെ റിപ്പോർട്ട് എന്ന് കിട്ടുമെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly